ഒറ്റയാനയെഴുന്നെള്ളിപ്പിന്റെ ഓർമ്മപൂരം

(രണ്ടു ഭാഗങ്ങളിൽ: 1/2)

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

{പൂരങ്കഴിഞ്ഞു. ആനയും വാദ്യവും വിട വാങ്ങി. ഉത്സവം കഴിഞ്ഞ അമ്പലപ്പറമ്പു പോലെ മനം പൂർണ്ണമായും ശൂന്യമാകുന്നതിനു മുമ്പ് ഓർമ്മക്കോശങ്ങളെ ചൊറിഞ്ഞ് അല്പം ചിന്താച്ചൊരിച്ചിൽ. "ഞാനി"ല്ലാത്ത എന്റെ ഓർമ്മകൾക്ക് എന്തു പ്രസക്തി!}

1
തൃശ്ശൂരിന്റെ സ്വകാര്യ അഹങ്കാരം

അറിയാമൊ നിങ്ങൾക്ക്? ക്രിസ്ത്യാനിയും മുസ്ലീമും ഉൾപ്പെടെ ജാതിമതഭേദമില്ലാതെ എല്ലാ തൃശ്ശൂർക്കാരും ഹൃദയം തുറന്ന് ആഹ്ലാദിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന രണ്ട് ഉത്സവങ്ങളാണ് ഓണവും പൂരവും. ഒരു പുരാതന കത്തോലിക്കാ യാഥാസ്ഥിതിക കുടുംബത്തിൽ, 1910നും 1920നും ഇടയിൽ പിറന്ന മാതാപിതാക്കൾക്കു ജനിച്ച, ഒടുക്കത്തെ ഒപ്രുശുമ (അന്ത്യലേപനം) ഒഴികെ എല്ലാ കൂദാശകളും സ്വീകരിച്ച ഞാനും വ്യത്യസ്തനാകുമോ?

യൂണിവേർസിറ്റി പരീക്ഷാക്കാലത്ത് നഷ്ടപ്പെടുന്ന പൂരത്തെക്കുറിച്ച് വിലാപകാവ്യം എഴുതാഞ്ഞതിനു ഏക കാരണം, ഇളയ ആൺക്കുട്ടി അന്നത്തെ പുതുതലമുറയുടെ സംക്രമണ പാർശ്വത്തിൽ വളർന്നതുകൊണ്ടാണ്. എന്നിട്ടും, അലാറം വെച്ച് പുലർച്ചെ മൂന്നുമണിക്ക് ഒരു കിലോമീറ്റർ അകലെയുള്ള പൂരപ്പറമ്പിലേക്ക് വെടിക്കെട്ട് കാണാൻ ഓടും. പോകാൻ കഴിഞ്ഞില്ലെങ്കിൽ, വീട്ടിലെ പറമ്പിൽ നിന്നുകണ്ട, ഉയർന്നു പൊട്ടുന്ന ചെമ്പുഗുണ്ടിന്റെ ദർശനത്തിനും അൽപ്പ സമയം കഴിഞ്ഞ് കാതിൽ കിടിലം കൊള്ളുന്ന ശബ്ദത്തിനും ഇടയിലുള്ള സമയം നാഡിമിടിപ്പിൽ അളന്ന് ശബ്ദത്തിന്റെ വേഗത കണക്കു കൂട്ടും. ബോംബെയിലെ ജോലിക്കാലത്ത് പൂരത്തിനു തൃശ്ശൂരെത്താൻ വിക്ടോറിയാ ടെർമിനസിൽ റെയിൽവേ

ടിക്കറ്റിനായി പിറ്റേന്നു കാലത്ത് തുറക്കുന്ന കൌണ്ടറിനു മുമ്പിൽ തലേന്നു വൈകുന്നേരം തുണി വിരിച്ചു കിടക്കും. ലീവ് യഥാസമയം ലഭിക്കാൻ നല്ല ജോലി ചെയ്ത് മേലധികാരിയെ പ്രീതിപ്പെടുത്തും.

പൂരദിവസം അകലെയുള്ള ബന്ധുക്കളോ സുഹൃത്തുക്കളോ വീട്ടിൽ എത്തും. എന്റെയും പല സുഹൃത്തുക്കളും - ഡോ. പവനജയും ഡോ. സി.കെ.കെ. നായരും മറ്റും – പൂരം കാണാൻ ആവേശത്തോടെ വീട്ടിൽ വന്നുപാർത്തത് ജന്മസാഫല്യമുണ്ടായ വികാരത്തോടെയാണ് അവർ അയവിറക്കാറുള്ളത്. അവരുടെയൊക്കെ ആഹ്ലാദം കാണുമ്പോൾ പൂരക്കാഴ്ച്ച കൂടുതൽ ആസ്വാദ്യകരമായി തോന്നിയിരുന്നു. നൂറ്റൊന്നാനകൾ അണിനിരന്നിരുന്ന ആറാട്ടുപുഴ പൂരത്തേക്കാൾ പൊതുജനം ആസ്വദിച്ചത്, രണ്ടു പതിനഞ്ചാനകൾ ദേവിദേവന്മാരെ പ്രതിനിധാനം ചെയ്ത പൂരങ്ങളുടെ പൂരത്തിലെ സായാഹ്ന കൂടിക്കാഴ്ച്ചയായിരുന്നു (“പൂരങ്ങളിൽ വെച്ച് തൃശ്ശൂർ പൂരം” എന്ന് യേശുദാസ്).

തൃശ്ശൂരിനെ വാണിജ്യ കേന്ദ്രമാക്കി വളർത്താൻ ശക്തൻ തമ്പുരാൻ പതിനെട്ടാം നൂറ്റാണ്ടിൽ ക്ഷണിച്ചു പാർപ്പിച്ച ഞങ്ങളുടേതുൾപ്പെടെയുള്ള അമ്പതിലേറെ ക്രിസ്ത്യൻ കുടുംബങ്ങളും പിൻതലമുറക്കാരും പൂരത്തെ എന്നും പ്രത്യേകമായി പ്രോത്സാഹിപ്പിച്ചു. കച്ചവടക്കണ്ണായിരിക്കാം മുഖ്യലക്ഷ്യമെങ്കിലും പൂരവളർച്ചയ്ക്ക് അത് സഹായകമായി. സോഡാക്കച്ചവടം മൊത്തമായും ചില്ലറയായും നടത്തിയിരുന്ന ഒരു വീട്ടിൽനിന്നും വന്ന സമവയസ്സൻ പറഞ്ഞു: “ഒരു കൊല്ലത്തെ ലാഭം മുഴുവൻ ഒറ്റ ദിവസം കൊണ്ടു ലഭിക്കും. അന്ന് മഴ പെയ്യല്ലേയെന്ന് ഞങ്ങൾ നിത്യ സഹായമാതാവിന്റെ പെട്ടിയിൽ അപേക്ഷ എഴുതിയിടും.” അമേരിക്കയിൽ, തേങ്ക്സ് ഗിവിങ്ങിനും ക്രിസ്തുമസ്സിനും ഇടയിൽ ഒരു കൊല്ലത്തെ ലാഭവിഹിതം നേടുന്ന കച്ചവടക്കാരും ഇത്തരം വാണിജ്യചാലകസത്യം സാക്ഷ്യപ്പെടുത്തും.

2

മറവി മൂടാത്ത പൂരമുദ്രകൾ

പൂരപ്രാന്തിന്റെ ആവേശം തൃശ്ശൂരിന്റെ പ്രാന്തപ്രദേശം വിട്ടാലും തൃശ്ശൂർക്കാരനെ വേട്ടയാടും. തൃശ്ശൂർ പൂരം ഒരു കമ്പ്യൂട്ടർ ഗെയിമായി സങ്കൽപ്പിക്കുക. അത്തരം ആപ്പ് *ഞാനാണ്* വികസിപ്പിക്കുന്നതെങ്കിൽ അതിലെ പ്രധാന ഐക്കണുകൾ ഇവയായിരിക്കും: ഓർക്കുക, കാലം

പരുവപ്പെടുത്തിയ പൂരക്കാഴ്ച്ചയുടെ പ്രതീതികൾ വീണ്ടെടുത്തുള്ള കോറിയിടൽ മാത്രമാണ് ഇത്. പൂരത്തിന്റെ ഹൈന്ദവ ആത്മീയാംശം ഇതിൽ പ്രകടമാകില്ല. വെണ്മണി നമ്പൂതിരിമാരുടെ പൂരപ്രബന്ധ വിവരണങ്ങൾ ഐക്കണാക്കി മാറ്റാത്തത് വിഷയ വൈരാഗ്യം കൊണ്ടല്ല, വിഷയത്തിൽ നിന്നും വ്യതിചലനം കുറയ്ക്കാനാണ്.

- കൊടിക്കയറ്റവാർത്ത വായിക്കുമ്പോൾ മനസ്സിൽ തുടികൊട്ടുന്ന മേള വായ്ത്താരി (പള്ളിപ്പെരുന്നാളിനു ഒരാഴ്ച മുമ്പ് കയറുന്ന കുരിശു ചാർത്തിയ കൊടിയുടെ ആകൃതിയും പ്രകൃതിയും ഈ ഹൈന്ദവാചാരത്തിന്റെ പിന്തുടർച്ച അല്ലെങ്കിൽ പിന്നെന്താണ്?)
- പൂരപ്രതീക്ഷയുടെ നാന്ദി കുറിക്കുന്ന എക്സിബിഷൻ ഉദ്ഘാടനം; പൂരപ്പറമ്പിൽ കൂണുപോലെ മുളയ്ക്കുന്ന പലതരം സ്റ്റോളുകൾ. പണ്ടത്തെ തലമുറക്കാരുടെ ആത്മകഥയിൽ ഇങ്ങനെ വായിക്കാം: "ഞാൻ *സരോജിനിയുടെ കടുങ്കയ്യും, കവളപ്പാറ കൊമ്പനും ഹസ്തരേഖാ ശാസ്ത്രവും തമിഴ്-മലയാളം ഭാഷാ സഹായി*യും വാങ്ങിയത് പൂരദിവസം പൂരപ്പറമ്പിൽ നിന്നാണ്."
- പൂരത്തിനു മൂന്നു ദിവസം മുമ്പുള്ള സാമ്പിൾ വെടിക്കെട്ട്. വരാൻ പോകുന്ന വർണ്ണ സിനിമയുടെ ട്രെയിലർ ദ്രുതഗതിയിൽ ഓടിച്ചുകാണിക്കുന്ന "കാണാൻ പോകുന്ന പൂരം". ഞങ്ങൾ കുട്ടികൾ കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ നോട്ട്ബുക്കുകളുടെ കനംകുറഞ്ഞ വിവിധ നിറത്തിലുള്ള ചട്ടകൾ ചെറു വട്ടങ്ങളാക്കി വെട്ടി, ഉടഞ്ഞ മൺകലത്തുണ്ടങ്ങൾക്കിടയിൽ ("ഓട്ടാമ്പുളി" എന്ന് ഗ്രാമ്യം) *സാൻഡ് വിച്ചാക്കി* മുകളിലെറിഞ്ഞ് പരിസരദൂഷണമില്ലാത്ത അമിട്ടു മത്സരം ചേരി തിരിഞ്ഞു നടത്തി.
- പൂരത്തലേനാളുള്ള ആനച്ചമയ പ്രദർശനം. തിരുവമ്പാടിയുടെത് സി.എം.എസ്. സ്കൂളിലും, പാറേമക്കാവിന്റേത് അമ്പല ഹോളിലും പണ്ട് പതിവ്. വളരെ വർണ്ണശബളമായ അനുഭവം:
  കാച്ചിയ പപ്പടം പതിച്ച, സ്വർണ്ണവർണ്ണം പൂശിയ നെറ്റിപ്പട്ടം; നിറവൈവിദ്ധ്യത്തിന്റെ മുത്തുക്കുടകൾ (നാളത്തെ *കുടമാറ്റ*ത്തിലെ സർപ്രൈസ് കുടകൾ *അണ്ടർ ഗ്രൗണ്ടിൽ* തന്നെ.); അജാനുബാഹുവായ ഒരു *ക്രിസ്തുമസ് ഫാദറി*ന്റെ നീണ്ട വെള്ളത്താടി കുറ്റിയിൽക്കെട്ടി ഉയർത്തിയ പോലെ വെൺചാമരം; മയിൽപ്പീലി അലങ്കരിച്ച, ലമ്പാഡി നർത്തകിയുടെ വസ്ത്രം വൃത്തത്തിൽ പതിച്ച പോലെ ആലവട്ടം. ഇവയെല്ലാം നാളെ, നടന്നുനീങ്ങുന്ന ആനപ്പുറത്ത് ഇരുന്നും നിന്നും, "അടിതെറ്റിയാൽ ആനയും വീഴും" എന്ന് അറിഞ്ഞിട്ടും,

ഉയർത്തിക്കാട്ടാനുള്ളതാണ്. പണ്ടൊക്കെ ബ്രാഹ്മണർക്കു മാത്രമേ ആനപ്പുറത്തു കയറാൻ അവകാശമുണ്ടായിരുന്നുള്ളൂ. കൂടാതെ, തേച്ചുമിനുക്കിയ കുടമണിയും വിളക്കും മറ്റു പൂരച്ചേരുവകളും. 1992-ൽ അവസാനമായി ഞാൻ അമ്മയൊന്നിച്ചു കണ്ട മായാത്ത ഓർമ്മ.

- ഉച്ചയ്ക്ക് രണ്ടു മണിക്കു ശേഷമുള്ള തിരുശിവപേരൂർ എന്ന തൃശ്ശിവപേരൂരിനെ സന്ധിസമാസങ്ങൾ മറന്ന് തൃശ്ശൂരാക്കി മാറ്റിയ, ഉച്ചാരണ സൌകര്യത്തിന് ഇംഗ്ലീഷുകാർ നാക്കുകുഴപ്പോടെ പറഞ്ഞിരുന്ന *ട്രിച്ചൂരി*ലെ വടക്കുനാഥൻ ശിവക്ഷേത്രാങ്കണത്തിലെ ഇലഞ്ഞിത്തറയുടെ തണലിലെ പഞ്ചവാദ്യമേളം. പഞ്ചാരപോലെ പഞ്ചാരി. കുമ്പളയില പോലെയുള്ള ആനച്ചെവികൾ താളത്തോടെ ഈച്ചയാട്ടും.

  ഒരു തവണ, ഒരു മുതിർന്ന പോലീസ് ഓഫീസറുമൊത്ത് തെക്കേ ഗോപുരവാതിലിലൂടെ പ്രവേശിച്ച് മുൻനിരയിൽ നിന്ന് ഇലഞ്ഞിത്തറമേളം കണ്ടുകേട്ടിട്ടുണ്ട് – വീട്ടിലാണെങ്കിൽ റേഡിയോയിലെ തൃശ്ശൂർ നിലയത്തിനു മുമ്പിൽ കണ്ണടച്ചുകേൾക്കും. കർണ്ണാടക സംഗീതം അഭ്യസിച്ചിരുന്ന അക്കാലത്ത് തലയാട്ടലിന്റെയും കയ്യുയർത്തി വീശുന്നതിന്റെയും ഉള്ളങ്കയ്യിൽ താളം പിടിക്കുന്നതിന്റെയും അർത്ഥം നല്ലവണ്ണം ആസ്വദിച്ചു .
- തിരുവമ്പാടി കൃഷ്ണനും പാറേമക്കാവ് ഭഗവതിയും കൂടിക്കാണുന്ന കുടമാറ്റോത്സവം. പൂരത്തിന്റെ, ഏവരും തലകുലുക്കി സമ്മതിക്കുന്ന അഭിപ്രായ വ്യത്യാസമില്ലാത്ത ഏറ്റവും വലിയ ആകർഷണം. മത്സരച്ചൂടിൽ കാണികൾ ഇരു വിഭാഗങ്ങളെയും ആർപ്പുവിളിയോടെ പ്രോത്സാഹിപ്പിച്ചു. അടുത്ത കൊല്ലം വീണ്ടും കാണാമെന്ന് മത്സരമെല്ലാം മറന്ന്, തുമ്പിയുരുമ്മി ചുംബിച്ച്, സൌഹാർദ്ദത്തോടെ പിരിയുന്ന കൊമ്പു കോർക്കാത്ത കൊലക്കൊമ്പന്മാർ.
- തീവെട്ടികളുടെ മഞ്ഞവെളിച്ചത്തിൽ രാവുണർത്തുന്ന രാത്രിപൂരം. കുറച്ചുനേരം അപ്പോൾ കറന്റു പോയാൽ കാഴ്ച്ച ബഹുരസം.
- പുലർച്ചെ മൂന്നിന് അനുവാദത്തിരി വാങ്ങി അനുചരർ കൊളുത്തുന്ന ശബ്ദവും വെളിച്ചവും ഇണചേരുന്ന വെടിക്കെട്ടിന്റെ പ്രകമ്പനം. പലരും പൂരത്തിനു വരുന്നതുതന്നെ ഇക്കാഴ്ച കാണാനാണ്. ജനങ്ങൾ വിധിയെഴുതുന്ന മത്സര വിജയിയെ അവരോധിക്കുന്ന സ്വകാര്യ ചർച്ചകൾ. അമേരിക്കൻ പ്രസിഡൻഷ്യൽ പ്രൈമറി ഡിബേറ്റുകളിൽ ആരു വിജയിച്ചുവെന്ന് ജനമനസ്സ് തീർപ്പുകൽപ്പിക്കുന്ന പോലെ.

- ഉറക്കച്ചടവോടെ ചെണ്ടയ്ക്കൊപ്പം തലയാട്ടുന്ന, നാട്ടുകാരുടെ പൂരമെന്ന് വിശേഷിപ്പിക്കാറുള്ള, പിറ്റേ ദിവസത്തെ പകൽപ്പൂരത്തിലെ ആനകളും ആളുകളും.

3

പരവൂരിലെ പുറ്റിങ്ങൽ ക്ഷേത്രം

കൊല്ലത്തെ പരവൂരിലെ പുറ്റിങ്ങൽ ക്ഷേത്രത്തിലെ കമ്പക്കെട്ടപകടം വെടിക്കെട്ടുകമ്പക്കാരെ മാത്രമല്ല വിഷണ്ണരാക്കിയത്. തൃശ്ശൂർപൂരം അടുത്ത സമയമായതുകൊണ്ട് അമ്പല കമ്മിറ്റിക്കാരും നാട്ടുകാരും ആകാംക്ഷാഭരിതരായി. താമസിയാതെ, ഉപാധികളോടെയാണെങ്കിലും എല്ലാ ആഘോഷങ്ങളും നടത്താൻ ഹൈക്കോർട്ട് വിധിയുണ്ടായി. ആന മദിക്കാതെയും വെടിക്കെട്ടപകടം ഇല്ലാതെയും പൂരം ഇക്കൊല്ലം ഭംഗിയായി കഴിഞ്ഞു.

പരവൂരെന്ന് കേട്ടപ്പോൾ എന്തുകൊണ്ടോ എനിക്ക് പരവൂർ ദേവരാജനെയാണ് ഓർമ്മ വന്നത്. ജി. ദേവരാജനെന്ന നാമം ചിരപ്രതിഷ്ഠ നേടിയതെന്നെന്ന് അറിയില്ല. എന്റെ അമ്മ സ്ട്രോക്കിനെ തുടർന്ന് തൃശ്ശൂർ മിഷൻ ആസ്പത്രിയിൽ കിടന്നപ്പോൾ, തൃശ്ശൂരിലുണ്ടായിരുന്ന ജി. ദേവരാജൻ മാസ്റ്റർ അമ്മയെ സന്ദർശിക്കാൻ എന്റെ ചേട്ടൻ ഫ്രാൻസീസും സുഹൃത്തുക്കളും ഒന്നിച്ചു വന്ന സമയം, ബോംബെയിൽ നിന്നെത്തിയ ഞാനും അവിടെ ഉണ്ടായിരുന്നു. വയലിനിസ്റ്റായ ഇംഗ്ലീഷു പ്രൊഫസ്സർ പോൾസൺ ദേവരാജൻ മാസ്റ്ററെ പരിചയപ്പെടുത്തിയപ്പോൾ, അദ്ദേഹത്തിന്റെ സംഗീതവും, ആയിടെ സ്ട്രോക്കിൽ നിന്നും ചികിത്സ കഴിഞ്ഞ് അദ്ദേഹം കരകയറിയ കാര്യവും, ബോംബെയിലെ ഷണ്മുഖാനന്ദയിൽ അദ്ദേഹം നടത്തിയ പരിപാടികളും ഞങ്ങൾ പങ്കുവെച്ചു. കാൽ തൊട്ടുവന്ദിക്കേണ്ട സംഗീത ജീനിയസ്. മലയാള സിനിമയ്ക്ക് എക്കാലത്തെയും ഏറ്റവും മനോഹര ഗാനങ്ങൾ സമ്മാനിച്ച അദ്ദേഹത്തോടൊന്നിച്ചുള്ള അപൂർവ്വ നിമിഷങ്ങൾ ഓർമ്മച്ചെപ്പിലെ നറുമുത്തായി; പൂരക്കാല താളവ്വായ്ത്താരി തുയിലുണർത്തി അപ്പോൾ ഞാനൊരു കൊന്നക്കോലായി.

ആനയും വെടിക്കെട്ടുമില്ലാത്ത പൂരം നടത്താൻ കോടതി ആവശ്യപ്പെട്ടാൽ പ്രതിഷേധ സൂചകമായി ഒറ്റയാനയെ എഴുന്നെള്ളിച്ച് പൂരാഘോഷം ചുരുക്കുമെന്ന് ദേവസ്വം കമ്മിറ്റിക്കാർ പ്രമേയം പാസ്സാക്കിയത്

എല്ലാവരെയും ആകാംക്ഷാഭരിതരും ചിന്താകുലരുമാക്കി. “ആനയില്ലാത്ത പൂരമോ?”

(തുടരും)

****